Australian Government

# കൊറോണ വൈറസ് (കോവിഡ്-19) - ഓസ്‌ട്രേലിയൻ സമൂഹത്തിനായുള്ള വിവരങ്ങൾ

## ജീവൻ രക്ഷിക്കുകയും ഓസ്‌ട്രേലിയയിൽ കൊറോണ വൈറസ് വ്യാപിക്കുന്നത് മന്ദഗതിയിലാക്കുവാൻ സഹായിക്കുകയും ചെയ്യുക

വീട്ടിൽ ഇരിക്കുക

- അത്യാവശ്യമില്ലെങ്കിൽ നിങ്ങൾ വീട്ടിൽ നിന്ന് പുറത്തിറങ്ങരുത്.
- അനിവാര്യമല്ലാത്ത ഏതെങ്കിലും പ്രവർത്തനത്തിനായി വീട് വിട്ടിറങ്ങുന്നത് നിങ്ങൾ ഒഴിവാക്കണം.
- നിങ്ങളുടെ വീട്ടിലേക്ക് കുടുംബാംഗങ്ങളെയോ സുഹൃത്തുക്കളെയോ ക്ഷണിക്കരുത്.
- നിങ്ങൾ ഇങ്ങനെയല്ലെങ്കിൽ വീട്ടിൽ തന്നെ ഇരിക്കുക:
  - ജോലിക്കായോ വിദ്യാഭ്യാസത്തിനായോ പോകേണ്ടതുണ്ട് (നിങ്ങൾക്ക് അത് വീട്ടിൽ ഇരുന്ന് ചെയ്യാൻ കഴിയില്ലെങ്കിൽ)
  - പലചരക്ക് സാധനങ്ങൾ പോലുള്ള അത്യാവശ്യ സാധനങ്ങൾ വാങ്ങുവാൻ (ഉടനെത്തന്നെ വീട്ടിലേക്ക് മടങ്ങുക)
  - നിങ്ങൾ തനിയെ അല്ലെങ്കിൽ മറ്റൊരാളുമൊത്ത് അയൽപക്കത്ത് വ്യക്തിപരമായ വ്യായാമത്തിനായി പോകുക
  - മെഡിക്കൽ അപ്പോയിന്റ്മെന്റുകളിൽ പങ്കെടുക്കുക അല്ലെങ്കിൽ അനുകമ്പാ സന്ദർശനങ്ങൾ.
- മെഡിക്കൽ സേവനങ്ങൾ, സൂപ്പർമാർക്കറ്റുകൾ, ബാങ്കുകൾ, പെട്രോൾ സ്റ്റേഷനുകൾ, പോസ്റ്റൽ, ഹോം ഡെലിവറി സേവനങ്ങൾ എന്നിവ തുറന്നിരിക്കുന്നു.

സുരക്ഷിതനായി ഇരിക്കുക

- എപ്പോഴും നല്ല ശുചിത്വം പാലിക്കുക, സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കൻഡ് നിങ്ങളുടെ കൈകൾ കഴുകുക, ചുമയ്ക്കുമ്പോൾ വായും മൂക്കും മൂടുക, നിങ്ങളുടെ കണ്ണിലും, മൂക്കിലും വായിലും തൊടാതിരിക്കുക.
- നിങ്ങളുടെ വീടിന് പുറത്തായിരിക്കുമ്പോൾ കുറഞ്ഞത് 1.5 മീറ്ററെങ്കിലും സാമൂഹിക അകലം പാലിക്കുക.
- കൈകൊടുക്കൽ, ആലിംഗനം, ചുംബനം എന്നിവ പോലുള്ള ശാരീരികമായ ആശംസകൾ ഒഴിവാക്കുക.
- ്യാഷിനു പകരം ടാപ്പു ചെയ്യുക.
- തിരക്കില്ലാത്ത സമയങ്ങളിൽ യാത്ര ചെയ്യുക, ആൾക്കൂട്ടം ഒഴിവാക്കുക.
- ശരിയായത് അറിയുക - വിശ്വസനീയമായ ഔദ്യോഗിക വിവരങ്ങൾ മാത്രം ഉപയോഗിക്കുക. കൊറോണ വൈറസ് ഓസ്‌ട്രേലിയ മൊബൈൽ ഫോൺ ആപ് ഡൗൺലോഡു ചെയ്യുക, കൊറോണ വൈറസ് ഓസ്‌ട്രേലിയ വാട്ട്സ്ആപ്പ് സേവനം സബ്സ്ക്രൈബുചെയ്യുക, ഏറ്റവും പുതിയ വിവരങ്ങൾക്ക് www.australia.gov.au സന്ദർശിക്കുക.

കണക്റ്റഡ് ആയിരിക്കുക

- ഫോണിലൂടെയോ ഓൺലൈനിലൂടെയോ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും ശ്രദ്ധിക്കുക.
- പ്രായമായ ബന്ധുക്കൾക്കും ദുർബലരായ ആളുകൾക്കും പലചരക്ക് സാധനങ്ങളും അവശ്യവസ്തുക്കളും നൽകുക. അവരെ വാതിൽക്കൽ തന്നെ നിർത്തുക.
- ഏറ്റവും ആവശ്യമുള്ള ആളുകൾക്ക് സേവനങ്ങൾ നൽകുവാൻ പ്രധാന സന്നദ്ധ സംഘടനകൾക്കും ചാരിറ്റികൾക്കും കഴിയും.

ആരോഗ്യ വിവരങ്ങൾ

കൊറോണ വൈറസിൻറെ രോഗലക്ഷണങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- പനി
- ചുമ
- തൊണ്ടവേദന
- ക്ഷീണം
- ശ്വാസം മുട്ടൽ

നിങ്ങൾക്ക് അസുഖമുണ്ടെങ്കിലും നിങ്ങൾക്ക് കൊറോണ വൈറസ് ബാധ ഉണ്ടെന്ന് കരുതുന്നുവെങ്കിലും, വൈദ്യസഹായം തേടുക.

വിവരങ്ങൾക്കായി നിങ്ങൾക്ക് നാഷണൽ കൊറോണ വൈറസ് ഹെൽപ് ലൈനിൽ വിളിക്കാം. നിങ്ങൾക്ക് വിവർത്തന അല്ലെങ്കിൽ വ്യാഖ്യാന സേവനങ്ങൾ ആവശ്യമുണ്ടെങ്കിൽ, 131 450 എന്ന നമ്പറിൽ വിളിക്കുക.

നിങ്ങൾക്ക് ശ്വസിക്കാൻ ബുദ്ധിമുട്ട് പോലുള്ള ഗുരുതരമായ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ, അടിയന്തിര വൈദ്യസഹായത്തിനായി 000 ൽ വിളിക്കുക.

ആളുകൾ സുരക്ഷിതരായി തുടരുവാനും സമൂഹത്തിലെ അപകടസാധ്യതകൾ കുറയ്ക്കുവാനും സഹായിക്കുന്നതിനായി ആരോഗ്യവകുപ്പിൻറെ വെബ്സൈറ്റിൽ ഇംഗ്ലീഷ് ഒഴികെയുള്ള മറ്റു ഭാഷകളിലും ധാരാളം വിവരങ്ങൾ ലഭ്യമാണ്.

## വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള സാമ്പത്തിക പിന്തുണ

കൊറോണ വൈറസ് പാൻഡെമിക് കാലത്ത് ഓസ്ട്രേലിയക്കാരെ സഹായിക്കാൻ ഓസ്ട്രേലിയൻ സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. ഈ സഹായത്തിൽ വരുമാന പിന്തുണ പേയ്മെന്റുകൾ, കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പേയ്മെന്റുകൾ, പെൻഷൻ പറ്റുമ്പോഴുള്ള ആനുകൂല്യങ്ങളുടെ താൽക്കാലിക ആദ്യകാല റിലീസുകൾ എന്നിവ ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക്, www.servicesaustralia.gov.au സന്ദർശിക്കുക.

## ബിസിനസുകൾക്കുള്ള സാമ്പത്തിക പിന്തുണ

ക്യാഷ് ഫ്ലോ വെല്ലുവിളികൾ കൈകാര്യം ചെയ്യുന്നതിനും ജീവനക്കാരെ നിലനിർത്തുന്നതിനും ഓസ്ട്രേലിയൻ സർക്കാർ ഓസ്ട്രേലിയൻ ബിസിനസുകളെ പിന്തുണയ്ക്കുന്നു. ബിസിനസുകളിലേക്കുള്ള ക്യാഷ് ഫ്ലോ പിന്തുണയും സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ബിസിനസുകൾക്ക് ആശ്വാസം നൽകുന്നതിനുള്ള താൽക്കാലിക നടപടികളും സഹായത്തിൽ ഉൾപ്പെടുന്നു.

## ജോബ് കീപ്പർ പേയ്മെന്റ്

കൊറോണ വൈറസ് നിങ്ങളുടെ ബിസിനസ്സിനെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളുടെ ജീവനക്കാർക്ക് ശമ്പളം നൽകുന്നത് തുടരുന്നതിന് നിങ്ങൾക്ക് വേതന സബ്സിഡി നേടുവാൻ കഴിയും. ജോബ് കീപ്പർ പ്രോഗ്രാമിന് കീഴിൽ, 2020 മാർച്ച് 30 മുതൽ അർഹതയുള്ള ഒരു ജീവനക്കാരന് പരമാവധി ആറ് മാസത്തേക്ക് $1,500 വീതം രണ്ടാഴ്ചത്തേക്ക് നിങ്ങൾക്ക് ക്ലെയിം ചെയ്യാൻ കഴിയും. ഈ സഹായം ജീവനക്കാരെ നിലനിർത്തുവാനും പാൻഡെമിക് അവസാനിക്കുമ്പോൾ പുനരാരംഭിക്കാൻ സഹായിക്കാനും സഹായിക്കും. സാമ്പത്തിക സഹായം, യോഗ്യത, സമയക്രമം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, www.business.gov.au സന്ദർശിക്കുക

## കുടിയൊഴിപ്പിക്കലുകളൊന്നുമില്ല

സംസ്ഥാന, പ്രദേശിക സർക്കാരുകൾ ആറുമാസത്തേക്ക് കുടിയൊഴിപ്പിക്കലുകൾ നിർത്തിവയ്ക്കും. ഹ്രസ്വകാല കരാറുകളെക്കുറിച്ച് സംസാരിക്കാൻ ഭൂവുടമകളെയും വാടകക്കാരെയും പ്രോത്സാഹിപ്പിക്കുന്നു.

## യാത്രാ നിയന്ത്രണങ്ങൾ

ഓസ്ട്രേലിയൻ ഇതര പൗരന്മാരെയും പ്രവാസികളെയും ഓസ്ട്രേലിയയിലേക്ക് പ്രവേശിക്കുന്നത് തടയുന്ന ഒരു യാത്രാ നിരോധനം നിലവിലുണ്ട്.

യാത്രാ നിരോധനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട ആളുകളിൽ ഓസ്ട്രേലിയൻ പൗരന്മാരുടെയും സ്ഥിര താമസക്കാരുടെയും ഏറ്റവും അടുത്ത കുടുംബാംഗങ്ങൾ, പങ്കാളികൾ, പ്രായപൂർത്തിയാകാത്ത ആശ്രിതർ, നിയമപരമായ രക്ഷാകർത്താക്കൾ, യഥാർത്ഥ പങ്കാളികൾ എന്നിവർ ഉൾപ്പെടുന്നു. ഓസ്ട്രേലിയയിലെത്തിയ ശേഷം, എല്ലാ യാത്രക്കാരും 14 **ദിവസത്തെ ഏകാന്തവാസം പൂർത്തിയാക്കേണ്ടതുണ്ട്.**

## താൽക്കാലിക വിസയുള്ളവർക്കുള്ള വിവരങ്ങൾ

നിലവിലുള്ള വിസയുടെ കാലഹരണ തീയതിക്കപ്പുറം ഓസ്ട്രേലിയയിൽ തുടരാൻ ആഗ്രഹിക്കുന്ന വിസ ഉടമകൾ മറ്റൊരു വിസയ്ക്ക് അപേക്ഷിക്കേണ്ടതുണ്ട്. വിസ ഉടമകൾ അവരുടെ സാഹചര്യങ്ങൾക്ക് അനുയോജ്യമായ ഒരു പുതിയ വിസ കണ്ടെത്തുന്നതിന് അവർ അവരുടെ വിസ ഓപ്ഷനുകൾ നോക്കുകയും അവർക്ക് അതിനായി അപേക്ഷിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുകയും വേണം.

യാത്രാ നിയന്ത്രണങ്ങളെയും വിസകളെയും കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, https://covid19.homeaffairs.gov.au സന്ദർശിക്കുക